# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 16.10.2024**

## പ്രധാനവാർത്തകൾ

1. അൽജീരിയൻ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മൗറിറ്റാനിയയിൽ എത്തും.

2. ഇസ്ലാമാബാദിൽ ആരംഭിച്ച ഷാങ്ഹായ് സഹകരണ സംഘടനയുടെ 23-ാമത് യോഗത്തിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പങ്കെടുക്കുന്നു.

3. മികച്ച ജീവിതത്തിനായി ഭക്ഷണത്തിനുള്ള അവകാശം എന്ന പ്രമേയത്തിൽ ഊന്നി ഇന്ന് ലോക ഭക്ഷ്യ ദിനം.

4. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

5. സ്റ്റോക്ക്ഹോം ഓപ്പൺ ടെന്നീസ് ടൂർണമെൻറിന്റെ പുരുഷ ഡബിൾസിൽ ഇന്ത്യൻ സഖ്യം ക്വാർട്ടറിൽ കടന്നു

***********************************

RNU TVPM

## രാഷ്ട്രപതി

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ, രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മൗറിറ്റാനിയയിൽ എത്തും. ഒരു ദിവസത്തെ സന്ദർശനത്തിൽ, വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും . ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് മൗറിറ്റാനിയയുടെ പ്രസിഡന്റ് മുഹമ്മദ് ഔൾഡ് Gazouni യുമായും , മറ്റ് നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തുന്ന രാഷ്ട്രപതി മുർമു ഇന്ത്യൻ പ്രവാസികളുമായി സംവദിക്കും. രാഷ്ട്രപതിയുടെ അൽജീരിയൻ സന്ദർശനം ഇരു രാജ്യങ്ങലും തമ്മിലുള്ള രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ബന്ധങ്ങൾക്ക് ഊർജം പകരുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*********************************************

## ജയ്ശങ്കർ-ഷാങ്ഹായ്

ഇസ്ലാമാബാദിൽ ആരംഭിച്ച ഷാങ്ഹായ് സഹകരണ സംഘടനയുടെ 23-ാമത് യോഗത്തിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പങ്കെടുക്കുന്നു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് അദ്ദേഹം പാകിസ്ഥാനിലെത്തിയത്. രാവിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ എത്തിയ വിദേശകാര്യമന്ത്രി "ഏക് പേഡ് മാ കെ നാം" പ്രചാരണത്തിന്റെ ഭാഗമായി വൃക്ഷത്തൈ നട്ടു. ഒമ്പത് വർഷത്തിനിടെ ഇതാദ്യമായാണ് ഒരു ഇന്ത്യൻ വിദേശകാര്യമന്ത്രി പാകിസ്ഥാൻ സന്ദർശിക്കുന്നത് .

*********************************************

## നിർമല സീതാരാമൻ

മെക്സിക്കോ, യുഎസ്എ സന്ദർശനത്തിനായി കേന്ദ്ര മന്ത്രി നിർമല സീതാരാമൻ ഇന്ന് യാത്രതിരിക്കും. മെക്സിക്കോ

RNU TVPM

സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ, പ്രമുഖ ഐടി കമ്പനി മേധാവികളുമായി കേന്ദ്രമന്ത്രി സംവദിക്കും. ഇന്ത്യ-മെക്സിക്കോ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ഉച്ചകോടിയിൽ ശ്രീമതി സീതാരാമൻ മുഖ്യപ്രഭാഷണം നടത്തും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ യുഎസ്എയിൽ എത്തുന്ന കേന്ദ്രമന്ത്രി ഐഎംഎഫ്, ലോക ബാങ്ക്, ജി 20 ധനമന്ത്രിമാർ, സെൻട്രൽ ബാങ്ക് ഗവർണർ എന്നിവരുടെ വാർഷിക യോഗങ്ങളിൽ പങ്കെടുക്കും.

*********************************

## സത്യപ്രതിജ്ഞ-ജമ്മുകാശ്മീർ

ജമ്മു കശ്മീർ മുഖ്യമന്ത്രിയായി നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള സത്യപ്രതിജ്ഞ ചെയ്തു. ശ്രീനഗറിലെ ഷേർ-ഇ-കശ്മീർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ സത്യവാചകം ചൊല്ലിക്കൊടുത്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്, ഐഎൻഡിഐഎ സഖ്യ നേതാക്കൾ തുടങ്ങിയവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ജമ്മുകശ്മീരിൽ തിരഞ്ഞെടുപ്പ് നടന്നത്.

*********************************

## ലോക ഭക്ഷ്യ ദിനം (INTRO)

ഇന്ന് ലോക ഭക്ഷ്യ ദിനം. മികച്ച ജീവിതത്തിനായി ഭക്ഷണത്തിനുള്ള അവകാശം എന്നതാണ് ഈ വർഷത്തെ പ്രമേയം. ആഗോള ഭക്ഷ്യ സുരക്ഷ പ്രതിസന്ധികൾ ഉയർത്തിക്കാട്ടാനാണ് എല്ലാ വർഷവും ഭക്ഷ്യ കാർഷിക സംഘടനയുടെ നേതൃത്വത്തിൽ ഭക്ഷ്യദിനം ആചരിക്കുന്നത്. ഭക്ഷ്യ

PRD TVPM

ദിനത്തിന്റെ പ്രധാന്യത്തെ കുറിച്ച് തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രി ആരോഗ്യ സൂപ്പർവൈസർ **ബിജുകുമാർ എം.പി ആകാശവാണി വാർത്തകളോട്.......**

**********************************

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം പൂർത്തിയാക്കി സഭ ഇന്നലെ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. 9 ബില്ലുകളാണ് സമ്മേളനത്തിൽ പരിഗണിച്ചത്. പ്രതിപക്ഷം കൊണ്ടുവന്ന ആറ് സഭ നിർത്തിവയ്ക്കൽ ഉപക്ഷേപ നോട്ടീസുകളിൽ അഞ്ചിലും സർക്കാർ ചർച്ചക്ക് സന്നദ്ധത അറിയിച്ചു. കേന്ദ്രസർക്കാരിനോട് വയനാടിന് അടിയന്തര സാമ്പത്തിക സഹായം ആവശ്യപ്പെടുന്ന പ്രമേയം, ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണം, വഖഫ് നിയമ ഭേദഗതി ബിൽ എന്നിവയിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയങ്ങൾ എന്നിവ സഭ ഐകകണ്ഠേന പാസാക്കി.

RNU TVPM

**********************************

## ശബരിമല ... ഇൻട്രോ

തുലാമാസ പൂജകൾക്കായി ശബരിമല നട ഇന്നു വൈകിട്ട് അഞ്ചിനു തുറക്കും. ശബരിമലയിലേയും മാളികപുറത്തേയും പുതിയ മേൽശാന്തിമാരെ തെരെഞ്ഞെടുക്കുന്നതിനുള്ള നെറുക്കെടുപ്പ് തുലാം ഒന്നായ നാളെ രാവിലെ നടക്കും. മേൽശാന്തി നിയമനത്തിലെ ഹർജിയിൽ ഹൈക്കോടതി ഇന്ന് വിധിപറയും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**

(വോയ്സ്)

*********************************

## മന്ത്രിസഭാ യോഗം

കണ്ണൂർ മാലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഫുട്ബോൾ കളിക്കിടയിൽ കിണറ്റിൽ വീണ് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയവേ മരിച്ച, വിദ്യാർത്ഥി ആദർശിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ മന്ത്രിസഭ തീരുമാനിച്ചു.

*********************************

## സംസ്കാരം

കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ സംസ്കാരം നാളെ പത്തനംതിട്ട മലയാലപ്പുഴയിലെ വീട്ടുവളപ്പിൽ നടക്കും. ഇന്നലെ കണ്ണൂരിൽ താമസസ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയ അദ്ദേഹത്തിന്റെ മൃതദേഹം ഗവ. മെഡിക്കൽ കോളജിൽ പോസ്റ്റ് മോർട്ടത്തിന് ശേഷം ബന്ധുക്കൾ ഏറ്റുവാങ്ങി. നാളെ പത്തനംതിട്ട കളക്ട്രേറ്റിലും വീട്ടിലും പൊതുദർശനമുണ്ടാകും. അതേസമയം എഡിഎമ്മിൻറെ മരണത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് അധ്യക്ഷ പി.പി. ദിവ്യക്കെതിരെ നവീൻ ബാബുവിൻറെ സഹോദരൻ പോലീസിൽ പരാതി നൽകി. നവീൻ ബാബുവിന്റെ മരണം അതീവ ദൗർഭാഗ്യകരമാണെന്ന് സി പി എം കേന്ദ്ര കമ്മിറ്റി അംഗം പി.കെ ശ്രീമതി പ്രതികരിച്ചു. വിഷയത്തിൽ സമഗ്ര അന്വേഷണം വേണം മെന്നും അവർ കോട്ടയത്ത് പറഞ്ഞു.

PNU TVPM

*********************************

## ഹർത്താൽ

എ.ഡി.എം നവീൻ ബാബുവിന്റെ മരണത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പിപി ദിവ്യക്കെതിരെ കൊലക്കുറ്റത്തിന്

കേസെടുക്കണമെന്നാവശ്യപ്പെട്ട് വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ കണ്ണൂർ കോർപ്പറേഷനിലും പത്തനംതിട്ട മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലും ആഹ്വനം ചെയ്ത ഹർത്താൽ പുരോഗമിക്കുന്നു. കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ ബി.ജെ.പിയും മലയാലപ്പുഴയിൽ കോൺഗ്രസുമാണ് ഹർത്താലിന് ആഹ്വനം നൽകിയത്. വൈകുന്നേരം ആറ് വരെയാണ് ഹർത്താൽ. അതേസമയം, പി പി ദിവ്യയുടെ ഇരിണാവിലെ വസതിയിലേക്ക് ബിജെപി പ്രവർത്തകർ മാർച്ച് നടത്തി.

*********************************

## ഇടുക്കി.... ഇൻട്രോ

പൂജാ അവധി ദിനങ്ങളിൽ ഇടുക്കിയുടെ മനോഹാരിത ആസ്വദിക്കാനെത്തിയത് നിരവധി സഞ്ചാരികൾ. ഈ മാസം 11 മുതൽ 13 വരെ 76,913 പേരാണ് ഡി ടി പി സി യുടെ കീഴിലുള്ള, ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...........**

(വോയ്സ്)

*********************************

## ഇൻഡ്യൻ കോസ്റ്റ് ഗാർഡ്

ലക്ഷദ്വീപിലെ കടമത്ത് ദ്വീപിൽ നിന്നും അടിയന്തര ചികിത്സ ആവശ്യമായി വന്ന രോഗിയെ തീരസംരക്ഷണ സേനയുടെ സഹായത്തോടെ കൊച്ചിയിലെത്തിച്ചു. കടമത്ത് ദ്വീപിൽ നിന്നും അഗത്തി വിമാനത്താവളം വഴിയാണ് രോഗിയെ കൊച്ചിയിലെത്തിച്ചത്. തീരസംരക്ഷണ സേനയുടെ കപ്പലായ

PNUTVPM

സമർത്ത് മുഖേന അഗത്തി വിമാനത്താവളത്തിൽ എത്തിച്ച രോഗിയെ ഡോണിയർ വിമാനത്തിൽ കൊച്ചിയിൽ എത്തിക്കുകയായിരുന്നു .

**********************************

## കോഴിക്കോട് - പ്രദർശനം ........ ഇൻട്രോ

മുൻ രാഷ്ട്രപതിയും ശാസ്ത്രജ്ഞനുമായ എ പി ജെ അബ്ദുൽ കലാമിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് കോഴിക്കോട് ആരംഭിച്ച മൂന്നു ദിവസത്തെ പ്രദർശനം തുടരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു.......**

(വോയ്സ്)

PNU TVPM

**********************************

## മഴ

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെ മറ്റെല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**********************************

## സ്റ്റോക്ക്ഹോം ഓപ്പൺ ടെന്നീസ്

സ്റ്റോക്ക്ഹോം ഓപ്പൺ ടെന്നീസ് ടൂർണമെൻറിൽ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ വിജയ് സുന്ദർ പ്രശാന്ത്, ജീവൻ നെടുഞ്ചെഴിയാൻ എന്നിവർ ക്വാർട്ടറിൽ കടന്നു. ഇന്നലെ നടന്ന

പ്രീക്വാർട്ടറിൽ സ്വീഡിഷ് സഖ്യത്തെ 5-7, 6-2, 10-5 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സഖ്യം വിജയം കരസ്ഥമാക്കിയത്. നാളെ നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ചെക്കിയൻ താരങ്ങളുമായി സഖ്യം ഏറ്റുമുട്ടും. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ സുമിത് നാഗൽ ഇന്ന് മത്സരിക്കും.

***********************************

## ഇന്ത്യ- ന്യൂസിലന്റ് ടെസ്റ്റ്

ഇന്ത്യ- ന്യൂസിലന്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം മഴ മൂലം വൈകുന്നു. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാവിലെ 9.30ന് നിശ്ചയിച്ചിരുന്ന കളി മഴ കാരണം ഇതുവരെ ആരംഭിച്ചിട്ടില്ല.

**********************************************************************

RNU TVPM